## പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2339 01.04.2013-ൽ മറുപടിയ്ക്ക്

**മരുന്നുകളുടെ ഗുണനിലവാര പരിശോധന**

**ചോദ്യം** **മറുപടി**

ശ്രീമതി കെ. എസ്. സലീഖ

ശ്രീ. വി.എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും
വകുപ്പുമന്ത്രി)

| | |
|---|---|
| (എ) സംസ്ഥാനത്ത് എത്ര കമ്പനികളുടെ മരുന്നുകൾ നിലവിൽ വിതരണം ചെയ്തു വരുന്നു; ഇതിൽ കേരളത്തിനു പുറത്തുള്ള എത്ര കമ്പനികൾ ഉ ണ്ട്; വ്യക്തമാക്കുമോ; | (എ) സംസ്ഥാനത്ത് ഏകദേശം 90 കമ്പനികൾ മരുന്നുകൾ നിർമ്മിച്ച് വിതരണം ചെയ്തു വരുന്നു. കൂടാതെ കേരളത്തിനു പുറത്തുള്ള 1000 ത്തോളം കമ്പനികൾ ഉണ്ടെന്നാണ് അനൗദ്യോഗിക കണക്ക്. |
| (ബി) നിലവിൽ ഒരു വർഷം കേരളത്തിൽ എത്ര മരുന്നുകൾ ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കുന്നു ണ്ട്; ഇതിൽ എത്ര ശതമാനം ഉപയോഗയോഗ്യമല്ല; വ്യക്തമാക്കുമോ; | (ബി) 2012 വർഷത്തെ കണക്കനുസരിച്ച് ഏകദേശം 3900 മരുന്നുകൾ സാമ്പിൾ പരിശോധനയ്ക്ക് വിധേയമാക്കിയിട്ടു ണ്ട്. ഇതിൽ 4% ൽ താഴെ മരുന്നുകൾ ഗുണനിലവാരം കുറഞ്ഞതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടു ണ്ട്. |
| (സി) കേരളത്തിൽ വ്യാജമരുന്നുകൾ ഇല്ലായെന്ന് ഉറപ്പുവരുത്തുവാൻ എന്തെല്ലാം നടപടികളാണ് സർക്കാർ ഇപ്പോൾ സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ; | (സി) മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ വ്യാജ മരുന്നു നിർമ്മാണ വിതരണ ശൃംഖല ഒന്നും തന്നെ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഏതാനും വർഷങ്ങൾക്കു മുമ്പ് ചില പ്രമുഖ കമ്പനികളുടെ മരുന്നുകളുടെ ലേബൽ മാറ്റി സ്വയം പ്രിന്റ് ചെയ്ത് ലേബൽ ഒട്ടിച്ച് വില്പന നടത്തുവാൻ ശ്രമിച്ച ചില ഒറ്റപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെടുകയും പ്രസ്തുത മരുന്നുകൾ മുഴുവൻ ക ണ്ടുകെട്ടി പ്രോസിക്യൂഷൻ നടപടികൾ സ്വീകരി ക്കുകയും ചെയ്തിട്ടു ണ്ട്. ഇത് കൂടാതെ അന്യ സംസ്ഥാനങ്ങളിലെ ഡ്രഗ്സ് കൺട്രോൾ വകുപ്പുകൾ ക ണ്ടെത്തിയിട്ടുള്ള വ്യാജ മരുന്നുകളുടെ വിശദാംശങ്ങൾ അറിയിക്കാറു ണ്ട്. ഡ്രഗ്സ് ഇൻസ്പെക്ടർമാർ അവരുടെ പരിശോധനയിൽ ഇത്തരം മരുന്നുകൾ കേരളത്തിൽ ലഭ്യമാണോ എന്ന് ഊർജ്ജിതമായി അന്വേഷിച്ച് അവ ഒന്നും തന്നെ കേരളത്തി ലെ വിപണിയിൽ ലഭ്യമല്ല എന്ന് ഉറപ്പ് വരുത്താറു ണ്ട്. |
| (ഡി) കേരളത്തിൽ വിപണനം ചെയ്യുന്ന മരുന്നുകൾ എല്ലാം തന്നെ സർക്കാരിന്റെ അറിവോടെയാണ് വിപണനം ചെയ്യുന്നതെന്ന് ഉറപ്പുവരുത്തുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നു; ഇ തിൽ എന്തെങ്കിലും മാറ്റം വരുത്തുവാൻ സർക്കാർ ഉദ്ദേശിക്കുന്നുവോ; വ്യക്തമാക്കുമോ? | (ഡി) ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ എൻഫോഴ്സ്മെന്റ് ഓഫീസർമാർ അവരുടെ പരിശോധനാവേളകളിൽ മരുന്നുകളുടെ വാങ്ങൽ/വില്പന ബില്ലുകൾ പരിശോധിച്ച് നിയമപ്രകാരമാണോ വില്പന നടത്തുന്നതെന്ന് ഉറപ്പ് വരുത്തുന്നു ണ്ട്. നിയമലംഘനം നടത്തുന്നവർക്കെതിരെ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ